# യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിലേക്ക് യാത്ര ചെയ്യുന്ന വിദ്യാർഥികൾക്കുള്ള അറിയിപ്പ് (ഡിസംബര് 23, 2015 )

ഡിസംബര് 23, 2015

സാൻജോസിലെ സിലികോൺവാലി സർവകലാശാല, ഫ്രെമോണ്ടിലെ നോർത്ത് വെസ്റ്റേണ് പോളിടെക്നിക് സർവകലാശാല, എന്നീ രണ്ടു വിദ്യാഭ്യാസ സ്ഥാപനങ്ങളില് വിദ്യാഭാസത്തിന് ശ്രമിക്കുന്ന , ഇന്ത്യയില് നിന്നുള്ള സാധുവായ വിദ്യാർഥി വിസകള് ഉള്ളവർക്ക് യുഎസ് ഇമിഗ്രേഷന് അധികൃതര് പ്രവേശനാനുമതി നിഷേധിച്ച അനേകം സന്ദർഭങ്ങള് ഈ അടുത്ത ദിവസങ്ങളില് ഉണ്ടായി

യുഎസ് ഗവൺമെന്റുമായി ഈ വിഷയം ഇന്ത്യാ ഗവൺമെന്റ് ചർച്ച ചെയ്യുകയുണ്ടായി . സാധുവായ വിസകള് ഉണ്ടായിട്ടും ഇന്ത്യക്കാരായ വലിയൊരു വിഭാഗം വിദ്യാർഥികൾക്ക് പ്രവേശനം നിഷേധിച്ചതിന് പിന്നിലെ കാരണങ്ങൾക്ക് യുഎസ് അധികൃതരോടു നമ്മള് വിശദീകരണം തേടിയിരുന്നു . യുഎസ് ഗവൺമെന്റിന്റെ പ്രതികരണത്തിന് വേണ്ടി കാക്കുന്നു . ഈ വിഷയത്തിന് തൃപ്തികരമായി പരിഹാരം ഉണ്ടാകുന്നത് വരെ **മുകളില് പ്രതിപാദിക്കപ്പെട്ട ആ രണ്ടു വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും പ്രവേശനം തേടുന്ന വിദ്യാർഥികളോട് യുണൈറ്റഡ് സ്റ്റേറ്റ്സിലേക്കുള്ള അവരുടെ യാത്ര മാറ്റിവയ്ക്കണം എന്നു അറിയിയ്ക്കുന്നു .** യുഎസ് വിദ്യാഭ്യാസ സ്ഥാപനങ്ങളില് പ്രവേശനത്തിന് ശ്രമിക്കുന്ന എല്ലാ ഇന്ത്യന് വിദ്യാർഥികളും അവര് പ്രവേശനത്തിന് ശ്രമിക്കുന്ന സ്ഥാപനങ്ങളുടെ അംഗീകാരം, കാര്യക്ഷമത എന്നിവയെക്കുറിച്ച് ഉറപ്പ് വരുത്തുവാന് ആവശ്യമായ ജാഗ്രത പുലർത്തണമെന്ന് അറിയിയ്ക്കുന്നു . അഡ്മിഷന് ( അമേരിക്കയിലേക്കുള്ള പ്രവേശനം ) യുഎസ് ഇമിഗ്രേഷന് ഉദ്യോഗസ്ഥരുമായുള്ള അഭിമുഖം എന്നിവയ്ക്കു

തയാറാകുമ്പോള് ആവശ്യമായ തയാറെടുപ്പുകൾക്കൊപ്പം യാത്രാരേഖകൾക്ക് പുറമെ , വിദ്യാർഥികള് അവരുടെ പഠന പദ്ധതി, താമസം, സാമ്പത്തിക സഹായം, ആരോഗ്യ സുരക്ഷാ സൌകര്യങ്ങള് തുടങ്ങിയവ പ്രതിപാദിക്കുന്ന എല്ലാ രേഖകളും കൂടെ കരുതേണ്ടതാണ്,

**ന്യൂഡെൽഹി**
**23 ഡിസംബര്   2015**